
സെന്റ് സെബാസ്റ്റ്യൻസ് ഹൈസ്കൂൾ
പുന്നക്കൽ

ലിറ്റിൽ കൈറ്റ്സ്

風箏

Little Kite

# ഡിജിറ്റൽ മാഗസിൻ

## പത്രാധിപ സമിതി

**ചീഫ് എഡിറ്റർ:** ശ്രീ ജോസ് കെ .ജെ

(ഹെഡ് മാസ്റ്റർ എസ് എസ് എച്ച് എസ് പൂന്നക്കൽ)

**സബ് എഡിറ്റർ:** മുഹമ്മദ് ഫഹദ്

(ലിറ്റിൽ കൈറ്റ് ലീഡർ -9A)

: ഷിഫാന കെ .പി

(ഡെപ്യൂട്ടി ലീഡർ -9A)

: ശ്രീ ഷാജി പി.ജെ

(എസ് ഐ റ്റി സി )

: ശ്രീ ലിബീഷ് ജോസഫ്

(ലിറ്റിൽ കൈറ്റ് മാസ്റ്റർ)

: ശ്രീമതി സൈനബ

(ലിറ്റിൽ കൈറ്റ് മിസ്റ്റ്റസ്)

: ലിറ്റിൽ കൈറ്റ് അംഗങ്ങൾ

# മുഖമൊഴി

*സാങ്കേതിക വിദ്യയുടെ വിസ്മയ ലോകത്തേക്കുള്ള വാതായനമായി ഈ ഡിജിറ്റൽ മാഗസിൻ മാറട്ടെ !*

*വിരൽതുമ്പിൽ അറിവിന്റെ ലോകം  തുറന്ന് തരുന്ന പുത്തൻ  സാങ്കേതിക  വിദ്യ സ്വായത്തമാക്കാനും അനുഭവിക്കാനും  പകർന്നു നൽകാനും ഈ  ഡിജിറ്റൽ മാഗസിനിലൂടെ സാധിക്കുമാറാകട്ടെ . ഈ മാഗസിൻ സഹൃദയ സമക്ഷം സമർപ്പിക്കുന്നു .*

*സ്നേഹത്തോടെ*

*എഡിറ്റോറിയൽ ബോർഡ്*

അകം താളുകൾ

കമ്പ്യൂട്ടറിൻറെ ചരിത്രം

പ്രളയ കാഴ്ച്ച

99 ലെ വെള്ളപ്പൊക്കം

In The Sky

കൊച്ചിയിലെ പറുദീസ

Today's Thoughts

വിടരും മുമ്പേ

The Revenge

അനശ്വരനായ സുൽത്താൻ

Intel Optane Memory

നവഭാരത ശില്പി

സർ ഐസക് ന്യൂട്ടൻ

Dreams

പൂജ്യത്തിൻെ കഥ

മഴ

Vathanee kairala al mashhoor

Makka al mukarrama

അതിജീവനം

# പ്രളയ കാഴ്ച്ച



കേരള നാടിനിതെന്തു പറ്റി
കേരവൃക്ഷത്തിനുമെന്തു പറ്റി
ദൈവത്തിൻ നാടെന്ന് പേര് കേട്ട
മാമലനാടെ മലനാടെ
നിന്നുടെ സ്വർഗം കാൺമതിനായി
മാലോകരെല്ലാം വന്നു ചേർന്നെ
മാവേലി നാടിന്നു ഓണമായെ
മാവേലിത്തമ്പുരാൻ വന്നു ചേർന്നേ
ഇക്കുറി ഒന്നുമെ കാൺമാനില്ല......
അത്തപ്പൂക്കളം ഇല്ലെയില്ല
മണ്ണും വിണ്ണും മാമലയും
കാടും മേടും കാട്ടാറുമെ
എല്ലാം പ്രളയത്തിൽ മുങ്ങിപ്പോയെ
കൂലം കുത്തി ഒഴുകിപ്പോയെ
കാൺമതിനായ് ഒന്നെയുള്ളു
മാലോകരെല്ലാരും ഒന്നു പോലെ



കവിത

സോനസെബാസ്റ്റ്യൻ 10 A

## IN THE SKY

*I will fly one day*

*I am born with wings*

*parents are my wings*

*I want to fly in the sky*

*no one can take away my freedom of flying*

*And dissolving in the long Sky*

*when I say goodbye to the world*

*I will give my good memories to you*

*I will be born again with wings*

DHIYA THANAS 8 B

# *THE  REVENGE*

*Once upon a time there lived poor man named Jalu he was a woodcutter. He was very bright and courageous. One day he was cutting the trees, his friend  Babu came and told him that in the forest there are so many trees. When he heard the good news he went  to the forest. But he can't see anything. Jalu then went to Babu's house and told that there were a lot of money. He was so surprised then he went to the forest but he was so foolish. Then he realise that don't  tell lie  to any one.*

*Story* Fathima Naja 8 B

# INTEL OPTANE MEMORY

എത്രയും പെട്ടന്ന് വിവരങ്ങളെ കണ്ടെത്താനുള്ള മെമ്മറി. ലോകത്തിലെ തന്നെ no.1 പ്രൊസസർ കമ്പ്യൂട്ടർ ചിപ്പ് നിർമാതാക്കളായ INTEL (ഇന്റെൽ) തങ്ങളുടെ Core i-3, i-5, i-7 എന്നീ പ്രൊസസർ ശ്രേണികൾക്ക് ശേഷം പുതുതായി വിപണിയിൽ ഇറക്കിയ,പുത്തൻ പ്രൊസസർ ആണ് i-9.ഇതിൽ ഏറ്റവും കുറഞ്ഞത് പത്ത് core മുതൽ പതിനെട്ട് core വരെ ചിപ്പുകൾ ലഭ്യമാണ്.

ഇനി Intel ഇന്റെ മറ്റൊരു പ്രൊഡക്റ്റിനെ പരിജയപ്പെടാം. ഒരു കമ്പ്യൂട്ടർ പെർഫോമൻസിനെ ആശ്രയിച്ചാണ് ഇത് ചെയ്യുന്നത്. ഇത് കേവലം പ്രൊസസർ മാത്രമല്ല. പ്രൊസസിങ്ങിന് ആവശ്യമായ ഡാറ്റകളെ ഫെച്ച് ചെയ്യുന്ന സ്പീഡിലും പെർഫോമൻസിനെ ആശ്രയിച്ചിരിക്കുന്നു. സാധാരണ ഡെസ്ക്ടോപ്പുകൾ ഉപയോഗിക്കുന്ന ഹാർഡ്രൈവർ (ഹാർഡ് ഡിസ്ക്ക്) ൽ നിന്നും മാറി S S D(Solid state driver)യിലേക്കുള്ള അപ്ഗ്രേഡേഷൻ നല്ല സ്പീടുള്ള ഫെച്ചിംഗ് എക്സ്പീരിയൻസ് നമുക്ക് ലഭിച്ചിരിക്കുന്നു. പക്ഷേ ഇപ്പോൾ ഇന്റൽ പുതുതായി പുറത്തിറക്കിയ ഒന്നാണ് Intel optain memory.ഹാർഡ് ഡ്രൈവറിനെ നിലനിർത്തിക്കൊണ്ട് അഡിഷനൽ കോംപൊണന്റ് ആയിട്ടാണ് പുതിയത് വന്നിട്ടുള്ളത്.

ഇതിനെ പ്രവർത്തിപ്പിക്കുന്നത് എങ്ങനെയാണെന്ന് നോക്കാം.. യൂസറിന് ഇടക്കിടക്ക് ആവശ്യമുള്ള ഫയലുകൾ വിൻഡോസുകൾ, പ്രോഗ്രാം ഫയലുകൾ എല്ലാം പെട്ടന്ന് മെമ്മറിയായിട്ടാണ് പുതിയ മെമ്മറിയിലേക്ക് എത്തുന്നത്.അങ്ങനെ ആവശ്യമുള്ള സമയത്ത് ഹാർഡ് ഡ്രൈവിൽ നിന്നോ ,ഹാർഡ് ഡിസ്കിൽ നിന്നോ തിരയാതെ നേരെ ഒബ്റ്റെൻ മെമ്മറിയിൽ നിന്ന് കണ്ടെത്താവുന്നതാണ്.

ഷാമിൽ 9 A

# വിടരും മുമ്പേ

വളരെ സ്നേഹത്തോടെയായിരുന്ന അവളുടെ പെരുമാറ്റം. സംസാരത്തിൽ നിന്ന് മനസ്സിലാകും ആൾ ശുദ്ധഗതിക്കാരിയെന്ന്. ഞാൻ പറഞ്ഞ് വന്നത് എന്റെ കൂട്ടുകാരിയും സഹമുറിക്കാരിയുമായ ഗീത ഗോപി നാഥിനെ കുറിച്ചാണ്.

ഭാവി കാര്യങ്ങളെ കുറിച്ച് വ്യക്തമായ ധാരണയും സ്വപ്നവും വെച്ച് പുലർത്തുന്നവളായിരുന്ന അവൾ. മാറ്റങ്ങളെ ദീർഘവീക്ഷണത്തോടെ കാണുകയും തന്റെ ചിന്തകളെ മറ്റുള്ളവരുമായി പങ്കുവെക്കുകയും ചെയ്യുന്നത് ഇഷ്ടപെട്ടവൾ. നന്നായി പ്രവർത്തിക്കുന്നവരെ കണ്ടെത്തി പ്രോത്സാഹിപ്പിക്കുകയും, അനുമോദിക്കുകയും ചെയ്യുന്നവൾ. സ്വന്തം കഴിവിനെ കുറിച്ച് വിശ്വാസമുള്ളവളും കഠിനാധ്വാനവും ഇച്ഛാശക്തിയും വിജയത്തിന് നിബന്ധമാണെന്ന് ഉറച്ച് വിശ്വസിക്കുന്നവൾ. ശക്തമായ കാറ്റിലും കോളിലും തളരാതെ എനിക്കതിന് കഴിയുമെന്ന് മനസ്സിൽ ഉറച്ച് വിശ്വസിച്ചവൾ.

പക്ഷെ , അച്ചൻ പട്ടാളക്കാരനായത് കൊണ്ട് അവൾ മറുനാടൻ മലയാളിയായിരുന്ന അമ്മയാവട്ടെ ഹൈദ്രാബാദ് കാരിയും. സമ്മിശ്രമായ സംസ്കാരത്തിന്റെ കൂടിച്ചേരൽ ജീവിതത്തിലും സംസാരത്തിലും തെളിയുമായിരുന്നു. ഇത്രയെല്ലാം നല്ല മനസിന്റെ ഉടമയായ അവളെ ക്യാൻസറെന്ന മാരകരോഗം തളർത്തി അതി ജിവനത്തിന്റെ നാളുകളിൽ പോലും തളരാത്ത ഇച്ഛാശക്തിയുടെ ഉടമയായിരുന്ന അവൾ . ഒരുപാട് പ്രതീക്ഷകളെ പ്രകൃതിലേക്കെറിഞ്ഞ് അവൾ എന്നന്നേക്കുമായി യാത്രയായി.......

അനുസ്മരണം

സൈനബ ടീച്ചർ

# وطني كيرلا المشهورة

كيرلا بلدة جميلة .انها لخير الله وايضا مشهورة فى انحاء العالم .يجيئ الى بلدنا السياحون من اماكن بعيدة. فيها جبال مرتفعة وانهار جارية وغابات كثيرةوينداد ومثل ذلك شجرة النارجيل تنمو كثيرا في المنطقة الساح
يقسمها الي ثلاث مناطق الجبلية والسهلية والساحلية المطاط والبن والشاي الفلفل والهيل وغيرها تنمو كثيرا في المنطقة الجبلية نرى اوراق الشاي في مناطق وينداد ومثل ذلك شجرة النارجيل تنمو كثيرا في المنطقة الساحلية يعيش في كيرلا اديان مختلفة وهم يعيشون في محبة واخوة تامة هم يتكلمون مليالم هم يعرفون المليااليون وهم اهل العلم والثقافة والنظافة نري في كيرلا مراكز السياحة كثيرة يجيئ اليها السياحون من بلاد مختلفة بعيدة البحر عربي والشاطئه منظر جذابة طبيعة كيرلا رائعة وجذابة لذاا نشد الشاعر المعروف محي الدين علي كتياد

تبسم الازهار في اغصانك ويفوح الطيب في ا رجائك
ترقصالاطيار في بستانك وبحيرات وحوت وافر
جنبك البحر وتلك الانهر



زينب

# നൻമയുടെ കൂട്ടായ്മ

നിപയാൽതുടങ്ങി പ്രളയത്തിൽ ഒടുങ്ങിയ കേരളജനതക്ക് അതിജീവനത്തിന്റെ ഒരുപാട് പാഠങ്ങൾ നൽകിയാണ് മഹാപ്രളയം വിടവാങ്ങിയത് .നിപവൈറസ് ഉള്ളതായി പുണേയിലെ ദേശീയ വൈറോളജി ഇൻസ്റ്റിറ്റ്യൂട്ട് സ്ഥിതികരിക്കുമ്പോഴേക്കും 16, ജീവനുകളാണ് മഹാമാരി കവർന്നെടുത്തത്. രണ്ട് പേർമാത്രം വളരെ അൽഭുതകരമായി ജീവിതത്തിലേക്ക് തിരിച്ച് വന്നപ്പോൾ നൂറിലധികം പേർ ചികിത്സ തേടിയതായി റിപ്പോർട്ട് ചെയ്യപ്പെട്ടു .പേടികാരണം ജനം പുറത്തിറങ്ങാതായി .യാത്രകൾ കുറച്ച് വീട്ടിൽ ഒതുങ്ങിക്കൂടി കടകൾ അടഞ്ഞു കിടന്നു,അങ്ങാടികൾ നിശ്ചലമായി. ആരോഗ്യരംഗം താറുമാറായി . കഴിഞ്ഞ 2018-ൽ കേരളം പലനിലക്കും ഭീതിയുടെ മുൾമുനയിലായിരുന്നു.


സ്വന്തം അമ്മപെങ്ങൻമാരെ,ബന്ധുമിത്രാധികളെ,ജേഷ്ഠാനുജൻമാരെ എന്തിന്,സ്വന്തം മക്കളെ പോലും അകറ്റിനിർത്തിയ ഒരു മഹാദുരന്തമായിരുന്നു അത്.ആരോഗ്യവകുപ്പിന്റെ നേതൃത്വത്തിലുള്ള കൃത്യവും ആസൂത്രിതവുമായ പ്രതിരോധ പ്രവർത്തനത്താൽകേരളം നാശത്തിൽ നിന്ന് കരകയറി

മഹാമാരി മറക്കും മുമ്പെ അതാ വരുന്നു പ്രളയം .തോരാ മഴ കാരണം കഷ്ട്ട പെട്ടജനം വീട്ടു തടങ്കലിലായി. ചുററിലുംവെള്ളം മലയോരമേഖലയാവട്ടെ ഉരുൾപൊട്ടലും മണ്ണിടിച്ചിലും കാരണം തീരാദുഖത്തിലായി.ഒന്നിച്ച് ഒരു വീട്ടിൽ അന്തിയുറങ്ങിയ കുടുംബത്തിലെ അച്ചനും മകനും മലവെള്ള്പ്പാ ച്ചിലില് ഒഴുകിപ്പോയതറിയാതെ അമ്മയും രണ്ട് പെൺമക്കളും ഒററപെട്ട കാഴ്ചയാണ് നമ്മൾ കണ്ടത്. നൂററാണ്ട് കണ്ട ഏററവുംഭീകര പ്രളയം.കേരളത്തിലെ കാസർ ഗോട്ഒഴികെ എല്ലാ ജില്ലകളെയും ബാധിച്ച മഹാപ്രളയം നിരവധിജീവനെടുത്തു .ഒരായിരം പേര് വീട് നഷ്ടപെട്ടവരും ജീവനോപാധികള് ഇല്ലാതായവരും എല്ലാം നഷ്ട്ടപെട്ട്

ദുരതാശ്വാസക്യാബിൽ കഴിഞ്ഞവരുമായിരുന്നു
മത രാഷ്ട്രീയങ്ങലക്കതീതമായി സരവവും മരന്ന്ഒറ്കെട്ടായി
പ്രളയത്തിലകപെട്ടവരെ ജീവിതത്തിലേക്ക് കൊണ്ടുവരുന്നതിനായികൈ
മെയ് മന്ന്പ്രവത്തിച്ചപ്രവർത്തനങ്ങളിൽ സർക്കാറിനെ വെല്ലുന്ന
പ്രവർത്തനമായിരുന്നു മത്സ്യത്തൊഴിലാളികളുടെത് .സന്നദ്ധ
സംഘടനകളും കൂട്ടായ്മകളും ഒത്തുചേർന്ന രക്ഷാപ്രവർത്തനം സുഗമമാക്കി
രണ്ടും മൂന്നും ദിവസങ്ങളോളം വെള്ളവും ഭക്ഷണവും ലഭിക്കാതെ
കുടുങ്ങിപ്പോയ ആളുകളെ എത്രയും പെട്ടെന്ന് ക്യാമ്പുകളിൽ എത്തിക്കാൻ
അവർക്ക് സാധിച്ചു .ശേഷം ദുരിതാശ്വാസ ക്യാമ്പുകളിൽ സാധനം
എത്തിക്കുന്നതിൽ ജനങ്ങൾ മത്സരത്തിലേർപ്പെട്ടു ലോകത്തിൻറെ
വിവിധ ഭാഗങ്ങളിൽനിന്ന്  ധാരാളം സഹായങ്ങൾ എത്തി അങ്ങനെക
പൂർണ്ണമായും കേരളം പുനർനിർമ്മിക്കാൻ മുഖ്യമന്ത്രി പിണറായി
വിജയൻ പദ്ധതികൾ ആസൂത്രണം ചെയ്തു .പല സ്ഥലങ്ങളിലും
ദുരിതാശ്വാസ ഫണ്ടുകൾ ലഭിച്ചില്ലെന്ന് പരാതിയാണ് പത്രറിപ്പോർട്ടുകൾ
വെളിപ്പെടുത്തുന്നത് .നാളെയുടെ നൻമക്ക് വേണ്ടി നമ്മൾക്കെല്ലാവർക്കും
ഒത്തുചേർന്ന പ്രവർത്തിക്കാം .ജയ്ഹിന്ദ്

ലേഖനം                                                  മുനവ്വിർ ടി  9 A

# <u>പൂജ്യത്തിന്റെ കഥ</u>



*മനുഷ്യന്റെ "ഏറ്റവും പ്രധാനപ്പെട്ട"കാൽവെപ്പാണ് പൂജ്യമടങ്ങുന്ന ദശാങ്ക സമ്പ്രദായത്തി ന്റെ വികസനം.ഗണിതശാസ്ത്ര ചരിത്രത്തിലെ ഏറെതിളക്കമാർന്ന കണ്ടെത്തലുകളിൽ ഒന്നാണ് '0'.*

പൂജ്യത്തിന്റെ ഉപജ്ഞാതാവ് ആരാണെന്ന് കൃത്യമായി അറിയില്ലെങ്കിലും ഭാരതത്തിൽ നിന്നാണ് സമ്പ്രദായത്തിന്റെ ഉൽഭവം എന്നത് ലോകം മുഴുവൻ അംഗീകരിച്ച വസ്തുവാണ് .

'0' രേഖപ്പെടുത്തിയ അനേകം ലിഖിതങ്ങൾ ഇന്ത്യയുടെ പലഭാകത്തു നിന്നും കണ്ടെത്തിയിട്ടുണ്ട് അതിൽ ഏറ്റവും പഴക്കമേറിയത് വടക്കുപടിഞ്ഞാറെ ഇന്ത്യയിലെ ബക്ഷാലിയിൽ നിന്നും കണ്ടെടുത്തതാണ്.

പൂജ്യത്തെ ഒരുകുത്തുകൊണ്ടാണ് ഇതിൽ സൂചിപ്പിക്കുന്നത് . ആദ്യകാലത്ത് ഒരു ഭിന്ദുമാത്രമാണ് പൂജ്യത്തെ സുചിപ്പിക്കാൻ ഉപയോഗിച്ചത് . പിന്നീട് വ്യക്ത്തതക്കുവേണ്ടി അതിനു ചുറ്റും ഒരുവൃത്തം വരയ്ക്കാൻ തുടങ്ങി .

കാലക്രമത്തിൽ ബിന്ദു അപ്രതീക്ഷം ആവുകയും പൂജ്യത്തിന്റെ ചിഹ്നമായി വൃത്തം അവശേഷിക്കുകയും ചെയ്തു . അതിൽ നിന്നാണ് നാം ഇപ്പോഴുള്ള '0' ഉണ്ടായത്. [ഗണിത ക്ലബ്]

# മഴ



മാനത്തു നിന്നും നോക്കിനിൽക്കെ
പൊട്ടി വരുന്നു മഴത്തുള്ളികൾ,
കാർമേഘങ്ങളിൽ നിന്നും
ആരുമേ കാണാതെ ആരോടും പറയാതെ
എവിടേക്കോ ഓടിമറഞ്ഞു നീ
കണ്ണീരായി ഞങ്ങൾ കാത്തിരിപ്പു നിന്നെ
ഇനിയില്ലാ നിന്നോടുള്ള ക്രൂരത...

മരങ്ങൾ നശിപ്പിക്കുന്നു,കുന്നുകൾ നികത്തുന്നു
വയലുകൾ മണ്ണിട്ടു മൂടുന്നു
ഇനിയില്ലാ നിന്നോടുള്ള ക്രൂരത...
നിർത്തുന്നു ഞങ്ങൾ നിന്നിലായി ക്രൂരത


കാലചക്രത്തിൻ വ്യതിയാനം സംഭവിക്കെ
പെയ്തു നീ ഒടുവിൽ
കുട്ടികൾ ഓടികളിച്ചും തിമിർത്തും
ഉത്സാഹിയിപു ഈ നിമിഷം
മാതാവിൻ കൈയ്യാൽ വാരിപുണരും നിന്നെ
സ്വന്തം മകളെന്ന ചിന്തയൽ
പക്ഷികൾ പാടുന്നു,കിടാങ്ങൾ കരയുന്നു
കാണുക നിൻ വരവെത്ര ഹർഷം




കുന്നുകൾ,താഴ്‌വരകൾ അലങ്കരിക്കുന്നു
നിന്നാൽ
കുളിരുന്നീ പ്രപഞ്ചം നിൻ വരവിൽ
പ്രേമിക്കുന്നു മേഘവും മാനവും
രത്നത്തേക്കാളും സൗരഭ്യം നീ...
കൂപ്പുന്നു നിൻ മുന്നിൽ
ഞങ്ങൾ ചെയ്ത പാപത്താൽ

ജിനോ വി ജോസ്


# സർ ഐസക് ന്യൂട്ടൺ



ഇറ്റലിയിൽ വീട്ടുതടങ്കലിൽനിന്നും ഗലീലിയോ മരിച്ച അതേവർഷം ക്രിസ്തുമസ് രാത്രയിലാണ് ന്യൂട്ടൻ ജനിച്ചത്. ന്യൂട്ടൻ ജനിക്കുന്നതിന് 3 മാസം മുമ്പ് അഛൻ മരിച്ചിരുന്നു. മൂന്ന് വയസ്സായപ്പോൾ അമ്മ പുനർവിവാഹം ചെയ്തു. ന്യൂട്ടന് പഠനത്തിൽ കഴിവൊന്നും ഉണ്ടായിരുന്നില്ല, പട്ടം ,സൂര്യഘടികാരം, ജലഘടികാരം എന്നീവ രൂപകൽപ്പന ചെയ്ത് ഉണ്ടായതാണ്. 1661 കാം ബ്രിഡ്ജിൽ ചേർന്ന അദ്ദേഹം 1665 ബിരുദം നേടി പ്രകൃതിയിൽ നിയമങ്ങൾ വ്യാക്യാനിക്കുന്നത് ഗണിതത്തിലൂടെ യാണെന്ന് ആദ്യമായി അവതരിപ്പിച്ചത് ന്യുട്ടനാണ്



പതിനാറാം നൂറ്റാണ്ടിൽ ഗലീലിയോ ഗലീലി ആണ് ഏറ്റവും മികച്ച ശാസ്ത്രജ്ഞൻ പതിനേഴാം നൂറ്റാണ്ടിൽ ന്യൂട്ടൻ പ്രസിദ്ധീകരിച്ച പ്രകൃതി തത്വങ്ങളുടെ ഗണിത നിയമങ്ങൾ എന്ന ഗ്രന്ഥം ചലനത്തിന് ഗണിത നിയമങ്ങളും വിശ്വകർശണം നിയമങ്ങളും ഇതിലാണ് ന്യുട്ടൻ അവതരിപ്പിച്ചിരിക്കുന്നത് ഇതിനാൽ പുതിയ ചില ഗണിതരീതികൾ തന്നെ അദ്ദേഹം കണ്ടുപിടിച്ചു രീതികൾ പിന്നീട് 'കാൽകുലസ് എന്നൊരു ഗണിത ശാഖയായി മാറിയിരിക്കുന്നു .     [ഗണിത ക്ലബ്ബ്]



# നവ ഭാരത ശിൽപ്പി



നമ്മുടെ പ്രിയപ്പെട്ട ചാച്ചാജിയുടെ ജൻമദിനമാണ് ശിശുദിനമായി നമ്മൾ ആചരിക്കുന്നത്.1889 നവംമ്പർ 14 ന് കാശ്മീരി പണ്ഡിറ്റ് കുടുമ്പത്തിൽ മോത്തിലാൽ നെഹ്റുവിന്റെയും സ്വരുപ് റണിയുടെയും മകനായി ജനിച്ചു. അത് കൊണ്ടാണ് പണ്ഡിറ്റ് ജവഹർലാൽ നഹറു എന്ന് വിളിക്കുന്നത്. സ്കൂൾ വിദ്യാഭ്യാസം ഹാരോ പബ്ളിക് സ്കൂളിൽ നിന്നാണ് തുടങ്ങിയത് .പിന്നീട് ട്രിനിറ്റികോളേജ് ,ക്യാംബ്രിട്ജ് യൂനിവേഴ്സിറ്റി, ഇന്നർടെംബിൾ എന്നിവിടങ്ങളിലായി പഠനംപൂർത്തീകരിച്ചൂ നിയമം പഠിച്ച് ഇന്ത്യയിലെത്തിയ നഹ്റു വക്കീലായി ജോലി ചെയ്തു .

1912 ന് ശേഷം മഹാത്മാ ഗാന്ധിയുടെ കീഴിൽ സ്വതന്ത്ര സമരത്തിൽ പങ്കെടുക്കുകയും ഇന്ത്യയുടെ പ്രഥമ പ്രധാന മന്ത്രിയാവുകയും ചെയ്തു . കുട്ടിളെയും പൂക്കളെയും ഏറെ സ്നേഹിച്ച ചാച്ചാജി ഗ്രാമങ്ങൾ തോറും പാഠശാലകൾ നിർമ്മിച്ച.അദ്ദേഹത്തിന്റെ പത്നികമലാകൗർ,പ്രിയ പുത്രിഇന്ദിരയുമായിരുന്നു. മരണം വരെ ഇന്ത്യൻ ജനതയെ സേവിച്ചുകെണ്ട് തന്റെ ജീവിതത്തിൽ നിന്ന് പിൻ മാറി.





നവഭാരത ശിൽപിയെന്നറിയപ്പെടുന്ന ചാച്ചാജി ജാതി,മത,വർണ്ണങ്ങൾക്കതീതമായി,നിയമം സമത്വപൂർണമായി നടപ്പാക്കുന്നതിനും ജാതിവ്യവസ്ഥ ഉൻമൂലനം ചെയ്യുന്നതിനും മുന്നിട്ടിറങ്ങി . മതനിരപേക്ഷഇന്ത്യഎന്നതായിരുന്നു നെഹ്റുവിന്റെ സ്വപ്നം.



മെൽബിൻ ബൈജു -9A

# അനശ്വരനായ സുൽത്താൻ (1908-1994)




*1908 ജനുവരി 21 ന് തിരുവിതാംകൂറിലെ തലയോലപ്പറമ്പ് ഗ്രാമത്തിൽ ജനിച്ചു .പിതാവ് കായി അബ്ദുറഹ്മാൻ മാതാവ് കുഞ്ഞാച്ചുമ്മ. പ്രാഥമിക വിദ്യാഭ്യാസം തലയോലപ്പറമ്പിലെ മലയാളം പള്ളിക്കൂടത്തിലും വൈക്കം ഇംഗ്ലീഷ് സ്കൂളിലും. പ്രസിദ്ധ നോവലിസ്റ്റും കഥാകൃത്തും സ്വാതന്ത്ര്യസമര പോരാളിയുമായ ബഷീർ "ബേപ്പൂർ സുൽത്താൻ "എന്ന പേരിലറിയപ്പെടുന്നു . രസകരവും സാഹസികവുമാണ് ബഷീറിൻറെ ജീവിതം .കേരളത്തിലെത്തിയ ഗാന്ധിജിയെ കാണാൻ വീട്ടിൽ നിന്നു ഒളിച്ചോടിയതാണ് ബഷീറിന്റെ ജീവിതത്തിൽ വഴിത്തിരിവായത്. 1930 കോഴിക്കോട്ട് ഉപ്പുസത്യാഗ്രഹത്തിൽ പങ്കെടുത്ത പേരിൽ ജയിലിലായി .'പ്രഭ 'എന്ന തൂലികാനാമമാണ് അദ്ദേഹം സ്വീകരിച്ചിരുന്നത് .'ഉജ്ജീവനം' എന്ന പത്രത്തിൽ എഴുതിയ തീപ്പൊരി ലേഖനങ്ങളാണ് ആദ്യകാല കൃതികൾ. ബഷീറിന്റെ ജീവിതംതന്നെയാണ് അദ്ദേഹത്തിൻറെ സാഹിത്യം .ഇതുപോലെ സ്വതന്ത്രമായി ലോകസഞ്ചാരം നടത്തിയ എഴുത്തുകാർ മലയാളസാഹിത്യത്തിൽ*



*വിരളമാണ്. ലോകം ചുറ്റുന്ന അതിനിടയിൽ കണ്ടെത്തിയ ഒട്ടേറെ ജീവിത സത്യങ്ങൾ അദ്ദേഹത്തിൻറെ കൃതികളിൽ കാണാം. "ജയ കേസരിയിൽ "പ്രസിദ്ധീകരിച്ച തങ്കം ആണ് ആദ്യം പ്രസിദ്ധീകരിച്ച*

കഥ. സാമാന്യം മലയാളഭാഷ അറിയാവുന്ന ആർക്കും ബഷീർ സാഹിത്യം വഴങ്ങും .ബഷീറിയനിസം അല്ലെങ്കിൽ ബഷീർ സാഹിത്യം എന്നത് മലയാളത്തിലെ ഒരു സാഹിത്യ ശാഖയായി മാറിയത് അദ്ദേഹത്തിൻറെ ജീവിതാനുഭവങ്ങളുടെ കരുത്തുകൊണ്ടായിരുന്നു .ഹാസ്യം കൊണ്ട് അദ്ദേഹം വായനക്കാരെ ചിരിപ്പിച്ചു ,കൂടെ കരയിപ്പിക്കുകയും ചെയ്തു .സമൂഹത്തിന്റെ അടിത്തട്ടിൽ ജീവിക്കുന്ന മനുഷ്യരുടെ കഥകൾ അദ്ദേഹം പറഞ്ഞപ്പോൾ അത് ജീവസ്സുറ്റതായി. തീക്ഷ്ണമായ അനുഭവങ്ങളുടെ തീവ്രത അദ്ദേഹത്തിൻറെ കൃതികളെ അനശ്വരമാക്കി .മുസ്ലിം സമുദായത്തിൽ ഒരുകാലത്തു നിലനിന്നിരുന്ന എല്ലാവിധ അനാചാരങ്ങൾക്കെതിരെയും വിമർശനാത്മകമായി അദ്ദേഹം തൂലിക ചലിപ്പിച്ചു.



വൈക്കം മുഹമ്മദ് ബഷീറിന്റെ പ്രധാനകൃതികൾ : പ്രേമലേഖനം, ബാല്യകാലസഖി, ന്റുപ്പുപ്പാക്കൊരാനെണ്ടേർന്ന്, ആനവാരിയും പൊൻകുരിശും, പാത്തുമ്മയുടെ ആട്, മതിലുകൾ, സ്ഥലത്തെ പ്രധാന ദിവ്യൻ, ,മരണത്തിന്റെ നിഴലിൽ, മുച്ചീട്ടുകളിക്കാരൻറെ മകൾ, ജീവിതനിഴൽപ്പാടുകൾ ,താരാ സ്പെഷ്യൽ, മാന്ത്രികപ്പൂച്ച, ശബ്ദങ്ങൾ.

## വൈക്കം മുഹമ്മദ് ബഷീറിൻറെ നോവലുകൾ:

ഭൂമിയുടെ അവകാശികൾ , വിശ്വവിഖ്യാതമായ മൂക്ക്, ജന്മദിനം ,ഓർമ്മക്കുറിപ്പ്, വിഡ്ഢികളുടെ സ്വർഗ്ഗം ,ഓർമ്മയുടെ അറകൾ , ആനപ്പൂട, ചിരിക്കുന്ന മരപ്പാവ, ശിങ്കിടിമുങ്കൻ, യാ ഇലാഹി, 100 രൂപ നോട്ട്;

കഥാബീജം, അനർഘനിമിഷം, നേരും നുണയും.

ബഷീറിന് ലഭിച്ച ബഹുമതികൾ ഇന്ത്യാ ഗവൺമെൻറ് പത്മശ്രീ 1982, കേന്ദ്ര സാഹിത്യ അക്കാദമി ഫെലോഷിപ്പ് 1981, കാലിക്കറ്റ് സർവ്വകലാശാലയുടെ ഡോക്ടർ ഓഫ് ലെറ്റേഴ്സ് ബിരുദം 1987, വള്ളത്തോൾ പുരസ്കാരം 1993 , സംസ്കാര ദീപം അവാർഡ് 1987, പ്രേംനസീർ അവാർഡ് 1992 , ലളിതാംബിക അന്തർജ്ജനം അവാർഡ് 1992, മുട്ടത്തുവർക്കി അവാർഡ് 1993.





അസ്ന 8 B

ബഷീർ ജീവചരിത്രം

# مكة المكرم ومدينة المنورة

مكة بلدة مشهورة فى العالم فيها ولد نبينا محمد (ص) تقع فيها الكعبة بيت الله الحرام قال الله تعالى عن الكعبة فى القرءان "ان اول بيت وضع لناس للذى ببكة مباركا وهدى للعالمين فيه ايات بينات مقام ابراهيم ومن دخله كان امنا".يصلي المؤمنون في انحاء العالم والكعبة قبلتهم. نربالصفاوالمروة من شعاءر الله ونرى ملايين من الناس يطوفون حول الكعبة.كان النبي ص اذا قدم الى مكة "انه توضء ثم طاف بالبيت" الطواف سنة من النبي (ص) نسمع تلبية فى الحج بصوت عال "لببيك اللهم لبيك لبيك لا شريك لك لبيك ان الحمد والنعمة لك والملك لاشريك لك لبيك.



## المدينة المنورة

ارض المدينة سكينة والهداية تقع المدينةبعدا 430ك م من مكة اسمها القديم يثرب بعد الهجرة يسمى النبي (ص) للمدينة المنورة اسماء 16 المدينة طيبة,طاب المحبب,. نرى مسجد النبوي وروضة النبي (ص) ز يارةالروضة الشريفةسنةالرسول



سمنة حارس

# തെണ്ണൂറ്റൊമ്പതിലെ വെള്ളപ്പൊക്കം



രാത്രി നല്ല മഴയായിരുന്നു . നല്ല മഴയത്ത് മൂടി പുതച്ച് ഉറങ്ങാൻ എന്ത് സുഖം ! . പക്ഷെ ഈ മഴ ആർത്തിരമ്പി കുത്തഴിഞ്ഞ് ആണിതറക്കാത്ത യക്ഷിയെപ്പോലെ വീട്ടിലെ പൂച്ചകുഞ്ഞിനെ വരെ പേടിപ്പിച്ച നിർത്തിയിരിക്കുന്നു . എന്താന്നറിയില്ല രണ്ടുദിവസമായി ഭയങ്കര ശ്വാസം മുട്ടലായിരുന്നു. ചിതൽ തിന്നു ബാക്കിയാക്കിയ കട്ടിലിന്റെ മുകളിൽ സൂര്യകിരണങ്ങളെ വളരെ പിശുക്കി കടത്തിവിടാൻ മാത്രം പാകമായ ജനാലയുടെ അരികിൽ നിന്നും തപ്പിതടഞ്ഞ് മരുന്നെടുത്തു .

അധികമായില്ല; അതിരൂക്ഷമായ തണുപ്പേറ്റ് ഞെട്ടിയുണർന്നു നോക്കുമ്പോൾ വെള്ളം! ഇതുവരെ പട്ടിണിക്കിട്ട നായയെപ്പോലെ വലിയ നാക്കും നീട്ടി കട്ടിലിന്റെ നാലുകാലുകളും അതേപടി







വിഴുങ്ങിയിരിക്കുന്നു . ഞാൻ വേഗം തൊട്ടപ്പുറത്തെ കട്ടിലിലേക്ക് നോക്കി . അപ്പച്ചൻ തിരിഞ്ഞു നോക്കാൻ പോലും കഴിയാതെ തണുത്ത് വിറങ്ങലിച്ചു നിൽക്കുന്നു

ഒന്നു ഉച്ചത്തിൽ നിലവിളിക്കാൻ പോലും കഴിയാതെ ശബ്ദം തൊണ്ടയിൽ കുരുങ്ങിനിന്നു .

അപ്പുറത്തെ വീട്ടിലെ ചാക്കോ വന്ന് അപ്പച്ചനേയും എന്നെയും കൊണ്ടു പോയി . രണ്ട് പകലും ഒരു രാവും രക്ഷക്കായ് കേണു . ഹെലികോപ്റ്ററുകൾ പറക്കുന്ന ശബ്ദം മാത്രം കേൾക്കുന്നുണ്ട് . പട്ടിണിയും പരിവട്ടവും മനസ്സു മടുപ്പിച്ചു മരണം മുന്നിൽ കണ്ട് ഞങ്ങൾ ടെറസിനു മുകളിലിരുന്നു ,ചാക്കോ കയ്യിൽ കിട്ടുന്നതെല്ലാം വീശി കാണിക്കുന്നുണ്ട്. ചറപറായെന്ന് മഴയും പെയ്യുന്നുണ്ട്.

ഒടുവിൽ അപ്പച്ചനേയും എന്നെയും തേടി ഒരു ഹെലികോപ്റ്റർ എത്തി . രക്ഷാമാർഗം കണ്ട് അങ്ങേയറ്റം സന്തോഷിച്ച . ദൈവത്തെ സ്തുതിച്ച അപ്പച്ചനപ്പോഴും തൊണ്ണൂറ്റി ഒൻപതിലെ വെള്ളപ്പെക്കം തൊണ്ണൂറ്റി ഒൻപതിലെ വെള്ളപ്പൊക്കം എന്ന് പിറപിറുക്കുന്നുണ്ടായിരുന്നു ഹെലിക്കോപ്റ്ററിൽ വെച്ച് ഏതോ ഒരാൾ മരുന്നും ഭക്ഷണവും തന്നു ....

ഇപ്പോൾ ഞങ്ങൾ ദുരിതാശ്വ ക്യാമ്പിലാണ്. പല ജാതിക്കാർ , പല മതസ്ഥർ , പല ദൈവങ്ങളിലും വിശ്വസിക്കുന്നവർ എല്ലാവരും ഒരു ദൈവത്തെ വിളിച്ച് പ്രാർത്ഥിക്കുന്നു ,

അവന്റെ കരുണക്കായി കേഴുന്നു . വലിയവനെന്നോ , ചെറിയവനെന്നോ , പാവപ്പെട്ട വനെന്നോ പണക്കാരനെന്നോ വേർതിരിവില്ലാത്ത മനുഷ്യരുടെ ലോകം . ഭൂമിയിലെ ' വെള്ളം താഴണേ എന്നപേക്ഷിക്കുന്നു . അപ്പച്ചന്റെ അപ്പുറത്ത് നിലത്ത് പായ വിരിച്ച് കിടക്കുന്നത് മാത്യൂസ് മൊതലാളി . ഇപ്പോൾ , ആലിസോ , കുര്യച്ചനോ , വർക്കിയോ ആരും മൊതലാളിക്കില്ല . മൊതലാളീം സൂസമ്മയും ഒറ്റക്ക് ഈ തണുപ്പത്ത്, ഈ തറയിൽ കിടക്കുന്നു .

മൂന്നു ദിവസമായി നല്ലവണ്ണം കുളിച്ചിട്ട്. നാറുന്നുണ്ട്, സാരമില്ല . ഓ ...! ഈ വെള്ളം ഒന്നിറങ്ങയെങ്കിൽ , വെള്ളമിറങ്ങാൻ ഇനിയും സമയമെടുകുന്നു അപ്പച്ചൻ പറയുന്നു . “99-ലെ വെള്ളപ്പൊക്കത്തെയും ഞെട്ടിക്കുന്ന വെള്ളപ്പൊക്കമാണെത്ര" !

സാവധാനം വെള്ളമിറങ്ങി . പായയും മറ്റും എടുത്ത് വീട്ടിലേക്ക് പോയി .



അറിയാമായിരുന്ന , ഊഹിച്ചിരുന്ന , എല്ലാം നാമാവശേഷമാണെന്ന് വീട്ടിലേക്കുള്ള ഇടുങ്ങിയ വഴിയൊക്കെ ചളികൊണ്ട് ചവിട്ടാൻ പറ്റാതെ അവസ്ഥയായിരുന്ന . വീടിരുന്ന പറമ്പ്കണ്ട് ഞാൻ ഞെട്ടിത്തരിച്ച് നിലത്തിരുന്നു സകലമാന ഞരമ്പുകളും തരിച്ചുപോയി ഒരുനിമിഷം നിശ്വാസം വരെ എന്നിൽ നിന്നും പറന്നകന്ന .

പത്തു - പന്ത്രണ്ട കെല്ലങ്ങളെ എന്റെയും അങ്ങേരുടേയും വിയർപ്പാണ് പ്രളയം കവർന്നത്. നട്ടെല്ല് പൊട്ടി കിടക്കുന്ന അപ്പച്ചനെ വരെ കിടത്താൻ ഒരു സ്ഥലമില്ലാത്ത അവസ്ഥ . ഈശോ ..... ഞനിവിടെ ഇനിയെങ്ങനെ ഞാൻ തിരിഞ്ഞു നോക്കി തളർന്നു കിടക്കുന്ന അപ്പച്ചനപ്പോഴും തൊണ്ണൂറ്റി ഒൻപതിലെ വെള്ളപ്പൊക്കം തൊണ്ണൂറ്റി ഒൻപതിലെ വെള്ളപ്പൊക്കം എന്ന് പിറുപിറുക്കുന്നുണ്ടായിരുന്ന ......

കഥ


ഹാദിയ 9 A

# DREAMS

I Have a dream
you have a dream
Every one has dreams
Some dreams are small
And some dreams are big
Dreams can change our life
Dreams are beautiful
Some dream become true
Once our beloved APJ said
we should have a dream
And follow it at all

Shafna Shereef 8 B

# കമ്പ്യൂട്ടറിന്റെ ചരിത്രം




കമ്പ്യൂട്ടറിൻറെ ചരിത്രം എന്നത് കമ്പ്യുട്ടറിന്റെ വേഗത, വില ,വിവരങ്ങൾ ശേഖരിക്കാനുള്ള കഴിവ് എന്നിവയിൽ വന്ന മഹത്തായ മാറ്റങ്ങൾ അപഗ്രഥിച്ച് വെച്ചിരിക്കുന്ന ഒരു രേഖയാണ്.



കമ്പ്യൂട്ടറുകൾ ഏതാണ്ട് ക്രിസ്തുവിനെ 3000 വർഷങ്ങൾക്ക്മുമ്പ് തന്നെ രൂപം കൊണ്ടു. കണക്കുകൂട്ടുക എന്നർത്ഥമുള്ള കമ്പ്യൂട്ട് എന്ന പദത്തിൽ നിന്നാണ് കമ്പ്യൂട്ടർ എന്ന പദത്തിൻറെ ഉത്ഭവം. 1613 ആണ് കമ്പ്യൂട്ടർ എന്ന പദം ആദ്യമായി ഉപയോഗിച്ചത്. പിന്നീട് അത് സർവസാധാരണമായി മാറി.




ആദ്യകാലങ്ങളിൽ കമ്പ്യൂട്ടറുകൾ കണക്ക് കൂട്ടലുകൾക്ക് മാത്രമായിരുന്നു ഉപയോഗിച്ചിരുന്നത്. എന്നാൽ ഇന്ന്

കമ്പ്യൂട്ടറിന്റെ കെട്ടിലും മട്ടിലും ഉപയോഗത്തിലും ധാരാളം മാറ്റങ്ങൾ വന്നിട്ടുണ്ട് .ഇന്ന് കമ്പ്യൂട്ടർ ലോകത്തെ എല്ലാമേഖലയിലും ഒരു അവിഭാജ്യ ഘടകമാണ്.

സാധാരണ ഉപയോഗത്തിലുള്ള കമ്പ്യൂട്ടറുകൾ വരുന്നതിനുമുമ്പ് മനുഷ്യൻ തന്നെയാണ് അധികം കണക്കുകൂട്ടലുകളും നടത്തിയിരുന്നത്. കണക്കുകൂട്ടലുകൾ നടത്താൻ മനുഷ്യനെ സഹായിച്ച ഉപകരണങ്ങൾ കണക്കുകൂട്ടൽ യന്ത്രങ്ങൾ കാൽക്കുലേറ്റ് മെഷീൻ എന്നറിയപ്പെട്ടു. പിന്നീട് അത് കാൽക്കുലേറ്ററുകൾ പെണ്ണായി മാറി.



കാൽക്കുലേറ്ററുകൾ നിരന്തരമായ മാറ്റങ്ങൾക്ക് വിധേയമായി കൊണ്ടിരുന്നു. എന്നാൽ കമ്പ്യൂട്ടറുകൾക്ക് കാൽകുലേറ്ററിൽ കളിയിൽനിന്ന് വ്യത്യസ്തമായി ധാരാളം മെമ്മറിയും മറ്റും ആവശ്യമായിരുന്നു. മാത്രമല്ല ചിന്നങ്ങൾ ഉപയോഗിച്ചുള്ള കണക്കുകൂട്ടലുകളും കാൽക്കുലേറ്ററുകൾ ഉപയോഗിച്ച്നടത്താൻ കഴിഞ്ഞിരുന്നില്ല.



1940 മുതൽ എല്ലാ ദശകത്തിലും കമ്പ്യൂട്ടർ

സാങ്കേതികവിദ്യയിൽ മഹത്തായ മാറ്റങ്ങൾ വന്നുകൊണ്ടിരുന്നു.

കണക്കുകൂട്ടുക എന്ന പ്രാഥമിക ആവശ്യത്തിൽ മാത്രമായി കമ്പ്യൂട്ടറിൻറെ ഉപയോഗം പരിമിത



പെട്ടില്ല . വാണിജ്യം, വിദ്യാഭ്യാസം, ആരോഗ്യം ,ശാസ്ത്രം ,ആശയവിനിമയം എന്ന് തുടങ്ങി എല്ലാ മേഖലയിലും കമ്പ്യൂട്ടർ ഇന്നൊരു അവിഭാജ്യഘടകമാണ്. ഓരോ മേഖലയിലേയും ഉപയോഗത്തിനായി കമ്പ്യൂട്ടർ പുതിയ സങ്കേതങ്ങൾ വന്നുതുടങ്ങി. ഉദാഹരണമായി, ഉപയോക്താവിന് കൂടുതൽ



ആയാസരഹിതമായി ഇടപെടുന്ന അതിനായി ടെച്ച് സ്ക്രീൻ മുതലായ സങ്കേതങ്ങൾ ആവിർഭവിച്ചു.

ആദ്യ കമ്പ്യൂട്ടറുകളിൽ പൂർണമായും യന്ത്രങ്ങൾ ആയിരുന്നു ഉപയോഗിച്ചിരുന്നത്. അതിനാൽ ഒരു പ്രവർത്തനത്തിന് തുടക്ക വില കമ്പ്യൂട്ടർ ഉപയോഗിക്കുന്ന വ്യക്തി ആദ്യ തന്നെ ശരിയാക്കി വയ്ക്കണമായിരുന്നു.

മുഹമ്മദ് ഫഹദ്-9A

# കൊച്ചിയിലെ പറുദീസയിലേക്ക്



2018- നവംബർ 26- ന്റെ രാത്രി എന്നെ സംബന്ധിച്ച് ഉറക്കമില്ലാത്ത രാത്രിയായിരുന്നു. പിറ്റേ ദിവസം പുലർച്ചെ യാത്രയാവാനുള്ളതിന്റെ തിടുക്കത്തിലായിരുന്നു ഞാനും എന്റെ കൂട്ടുകാരും .

പുലർച്ചെ 2:30 എഴുന്നേറ്റ് കുളിച്ച് യൂണിഫോം ധരിച്ച് ശേഷം പ്രാർത്ഥിച്ച് എല്ലാ ഒരുക്കങ്ങളുംപൂർത്തിയായി ഞാൻ ഉപ്പയെ വിളിച്ചുണ-ർത്തി സ്കൂളിൽ കൊണ്ടുവിടാൻ ആവിശ്യപ്പെട്ടു. പുറത്തിറങ്ങിയ ഞാൻ ആകാശത്തേക്ക് നോക്കിയപ്പോൾ ഏകദേശം പൂർണ്ണമായ ചന്ദ്രനെ കണ്ടുകൊണ്ടിരിക്കെ ഉപ്പ പറഞ്ഞു: ശരിയായ പൂർണ്ണചന്ദ്രനെ നിന്റെ മുഖത്താണ് ഞാൻ കാണുന്നത്. അങ്ങനെ ഞാൻ സ്കൂളിലെത്തി. സുപ്രഭാതത്തിന്റെ തണുത്ത കുളിരേറ്റ്, നല്ല കോടമഞ്ഞ് മൂടികിടന്ന സ്കൂൾ ഗ്രൗണ്ടിലേക്ക് കടന്നുവരാൻ നല്ല രസമായിരുന്നു.ഞാൻ എത്തിയപ്പോൾ കൂട്ടുകാരികൾ എല്ലാം ഗ്രൗണ്ടിൽ നിറഞ്ഞ് നിൽപുണ്ടായിരുന്നു.

ട്ടി.ജെ അതായിരുന്നു ഞങ്ങളുടെ ബസ്സിന്റെ പേര്. ബസ്സ് നല്ല സെറ്റപ്പായിരുന്നു. പത്താം ക്ലാസിലെ ചേച്ചിമാരുടെ കൂടെ പാട്ടും ഡാൻസുമായി സമയം പോയതറിഞ്ഞില്ല. ഏകദേശം 8:30 നോടുകൂടി ഞങ്ങൾ പ്രഭാത ഭക്ഷണത്തിനിറങ്ങി,അപ്പവും കറിയും സുഭിക്ഷമായി വയറുനിറച്ച് കഴിച്ച് പിന്നെയും ഞങ്ങൾ യാത്ര തുടർന്നു.



അങ്ങനെ ഞങ്ങൾ 10:30 ന് ആദ്യ സ്ഥലതെത്തി. തൃപ്പൂണിത്തറ പാലസിൽ കൊച്ചിരാജാക്കന്മാർ താമസിച്ചിരുന്ന മണിമാളികകളും, അതിന്റെ അനുബന്ധ കെട്ടിടങ്ങളും കാണാൻ സാധിച്ചു. പലസ്ഥലത്ത് നിന്നുള്ള ആൾകാർ

അവിടെയുണ്ടായിരുന്നു. വിദേശികൾ ധാരാളം സന്ദർശനം നടത്തുന്ന ഒരു വിനോദ സഞ്ചാര കേന്ദ്രമാണത്. പല സ്ഥലങ്ങളിലായി രാജാക്കന്മാരുടെ വസ്ത്രാലങ്കാരങ്ങൾ,അവരുടെ കാലത്തുണ്ടായിരുന്ന നാണയങ്ങൾ , പാന പാത്രങ്ങൾ, രാജ രഥങ്ങൾ, രാജകൊട്ടാരത്തിലെ ചിത്രകാരന്മാരുടെ കരവിരുത് അറിയിക്കുന്ന പല തരത്തിലുള്ള ചിത്രങ്ങൾ, അവരുടെ ആയുധങ്ങൾ, വാഹനങ്ങൾ, മഞ്ചൽ , പല്ലക്ക്, ആഭരണങ്ങൾ, താളിയോലകൾ,താളുകൾ അങ്ങനെയങ്ങനെ നിരവധി സൂക്ഷിപ്പുകൾ ഞങ്ങൾക്ക് കൺകുളിർമ നൽകി പോർച്ചുഗീസ് യാത്രികനായ വാസ്കോഡഗാമ കൊച്ചി രാജാമിന് സമ്മാനിച്ച 2 ക്വിന്റൽ തൂക്കമുള്ള മരതക കീരീടം ഞങ്ങൾക്ക് കാണാനിടയായി . എല്ലാകാഴ്ചകളും ഞങ്ങൾക്ക് ഏറെ രസകരവും ആനന്ദകരമായിരുന്നു



കൃത്യം 1 മണിക്ക് സാഗരറാണിയിൽ എത്തേണ്ടത് കൊണ്ട് ഞങ്ങൾ ധൃതിപിടിച്ച് കൊട്ടാരം വിട്ടിറങ്ങി . അവിടെയുണ്ടായിരുന്ന മാനുകളെയും മറ്റ് മൃഗങ്ങളെയും ഒരുനോട്ടം നോക്കി മനം കുളിർത്താണ് ഞങ്ങൾ തിരിച്ചത്. ഉടനെ തന്നെ ഞങ്ങൾ cruise vessel -ൽ കയറി കടൽ കാഴ്ചകൾ കണ്ടാണ് ഞങ്ങൾ ഹൃദ്യമായ ഉച്ചയൂണ് കഴിച്ചത്. നല്ലഅടിപൊളി ഫുഡെന്നാണ് കുട്ടുകാർ പറഞ്ഞത്. ശേഷം ബോട്ടിലുള്ള ഗൈഡ് ഞങ്ങൾക്ക്. കൊച്ചിയെ കുറിച്ചും ചരിത്രം ഉറങ്ങികിടക്കുന്ന ദ്വീപുകളെ കുറിച്ചും പരിസരപ്രദേശങ്ങളെ കുറിച്ചും ഒരുപാട് അറിവുകൾ പകർന്നി നൽകി . ഇത് ഞങ്ങളുടെ ജീവിതത്തിലെ മറക്കാനാവാത്ത ഒരു അനുഭവമായിരുന്നു .ദ്വീപുകളിലേക്ക്






പോകുന്ന കപ്പൽ യാത്രികരെയും പലസ്ഥലങ്ങളിലേക്കും ചരക്ക് കൊണ്ട് പോകുന്ന ഉരു , മീൻ പിടിക്കാനുപയോഗിക്കുന്ന ചീനവല , വള്ളങ്ങൾ, ബോട്ടുകൾ, ടഗ്ഗുകൾ അങ്ങനെയങ്ങനെ വെള്ളത്തിലുള്ള പലതും ഞങ്ങൾക്ക് കാണാനായി . സിനിമാഷൂട്ടിങ്ങ് നടക്കുന്ന സ്ഥലവും . ജൂതൻമാരുടെ ശേഷിപ്പായിട്ടുള്ള മട്ടാഞ്ചേരിയിലെ ജൂതപ്പള്ളിയും ഞങ്ങൾ കണ്ടു. ഡോൾഫിനുകൾ ഉയർന്ന് താഴ്ന്ന കാഴ്ചകാണാൻ ഞങ്ങൾ എല്ലാവരും തിരക്കുകൂട്ടി ഉച്ചവെയിലിന്റെ സൂര്യരശ്മികൾ തിരമാലയോട് സല്ലപിക്കുന്നതും കാണനിടയായി . അറബിക്കടലിലൂടെയുള്ള ഈ യാത്രയും ബോട്ടിലെ പാട്ടും ഡാൻസും അവരുടെ പെരുമാറ്റവും ഞങ്ങളെ എല്ലാവരെയും കോരിത്തരിപ്പിച്ചു. അവോളം ആസ്വദിച്ചതിന് ശേഷം ഒരു മണിക്കൂറിനുള്ളിൽ സങ്കടത്തോടെ ഞങ്ങൾ ബോട്ടിൽ നിന്ന് ഇറങ്ങി. പിന്നെ ഞങ്ങൾ നേതാജി സുഭാഷ്ചന്ദ്രബോസിനെ ഒർമ്മിപ്പിക്കുന്ന സുഭാഷ് പാർക്കിലെക്കാണ് പോയത്. പ്രകൃതി സുന്ദരമായതും ഇളം കാറ്റുള്ളതും പോക്കുവെയിലിന്റെ സുഖവും അനുഭവിച്ചുകൊണ്ട് പച്ചപുൽത്തകിടിയിൽ കുഞ്ഞികിളികളെയും വൈവിധ്യവാർന്ന ചെടികളെയും വശ്യസുന്ദരമായ പൂക്കളെയും കണ്ട് ഏറെനേരം ഞങ്ങളിരുന്ന തണൽമരങ്ങളുടെ ചുവട്ടിൽ ശാന്തിയും സമാധാനവും തേടിയെത്തിയ ഒരുപാട് മനുഷ്യരെ കാണാനിടയായി . മനസും ശരീരവും തണുപ്പിച്ചാണ് ഞങ്ങൾ മെട്രോയിലേക്ക് എത്തിയത്

ഗ്രാമപ്രദേശങ്ങളിൽ നിന്നെത്തിയ എനിക്കും എന്റെ കൂട്ടുകാർക്കും അപരിചിതമായ ഒരു സംഭവമായിരുന്നു ഇലക്ട്രിക്ക് staircase പലയിടങ്ങളിലും ചെന്നപ്പോഴും എസ്കലേറ്റർ ഉപയോഗിച്ചാണ് എല്ലാവരും കയറിയിരുന്നത് .ഞങ്ങളിൽ പലരും പേടി തോന്നിയെങ്കിലും എസ്കലേറ്റർ കയറാൻ തയ്യാറായി . അത് മറക്കാനാവാത്ത ഒരും അനുഭവമായി മാറി .

റിഷഫെബിൻ 8 B

**യാത്രവിവരണം**

## Today's Thoughts

*Nothing is impossible, the word itself says 'I'm possible*
*--_ Audrey Hepburn*

*The roots of education are bitter, but the fruit is sweet.*
*_Aristotle*

*Success consists of going from failure to failure without loss of enthusiasm*
*_Winston Churchill*

*Put your heart,mind and soul into even your smallest acts. This is the secret of success*
*_Swami Vivekananda*
*If you can dream it, you can do it.*
*- _Walt Disney*

*learn from yesterday, live for today, hope for tomorrow The important thing is not to stop questioning.*
*_Albert Einstein*

*Start by doing what's necessary; then do what,s possible; and suddenly you are doing the impossible*
*_Francis of Assisi*

*However difficult life may seem,there is always something you can do and succeed it.*
*_Stephen Hwaking*

*Commonsense is not common. _Voltire*

*Optimism is the faith that leads to achievement.*
*Nothing can be done without hope and confidence*
*_Helen Keller*

*Subi C S 8 B*

